**മധുരമായ കുട്ടികളേ - ദേവതയാകുന്നതിനു മുമ്പ് നിങ്ങൾക്ക് തീർച്ചയായും ബ്രാഹ്മണനായി മാറണം. രാജയോഗത്തിന്റെ പഠിപ്പിലൂടെ ദേവതയായി മാറുന്ന ബ്രഹ്മാമുഖ വംശാവലീ സന്താനങ്ങൾ തന്നെയാണ് സത്യമായ ബ്രാഹ്മണർ.**

**ചോദ്യം:-** മറ്റുള്ള സത്സംഗങ്ങളിൽ നിന്നും നിങ്ങളുടെ ഈ സത്സംഗം ഏതൊരു കാര്യത്തിലാണ് വിചിത്രമായിട്ടുള്ളത്?
**ഉത്തരം:-** മറ്റുള്ള സത്സംഗങ്ങളിൽ ലക്ഷ്യമൊന്നും തന്നെയില്ല. ധനവും സമ്പാദ്യങ്ങളുമെല്ലാം നഷ്ടപ്പെടുത്തി അലഞ്ഞുകൊണ്ടിരിക്കുന്നു. ഈ സത്സംഗത്തിൽ നിങ്ങൾ അലയുന്നില്ല. ഇത് സത്സംഗത്തോടൊപ്പം വിദ്യാലയവുമാണ്. വിദ്യാലയത്തിൽ പഠിക്കുകയാണ് ചെയ്യുക അലയുകയല്ല. പഠിപ്പ് അർത്ഥം സമ്പാദ്യം. എത്രത്തോളം നിങ്ങൾ പഠിച്ച് ധാരണ ചെയ്യുകയും ചെയ്യിപ്പിക്കുകയും ചെയ്യുന്നുവോ അത്രത്തോളം സമ്പാദ്യമാണ്. ഈ സത്സംഗത്തിലേക്ക് വരുക അർത്ഥം നേട്ടം തന്നെ നേട്ടമാണ്.

**ഓംശാന്തി.** ആത്മീയ അച്ഛൻ ആത്മീയ കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ്. ആത്മീയ കുട്ടികൾ തന്നെയാണ് ഈ കാതുകളിലൂടെ കേൾക്കുന്നത്. പരിധിയില്ലാത്ത അച്ഛൻ കുട്ടികളോട് പറയുകയാണ് - സ്വയം ആത്മാവാണെന്നു മനസ്സിലാക്കൂ. ഇത് ഇടയ്ക്കിടെ കേൾക്കുന്നതിലൂടെ ബുദ്ധിയുടെ അലച്ചിൽ അവസാനിച്ച് ബുദ്ധി സ്ഥിരതയുള്ളതാവുന്നു. സ്വയത്തെ ആത്മാവാണെന്നു മനസ്സിലാക്കി ഇരിക്കും. കുട്ടികൾ മനസ്സിലാക്കുന്നു ഇവിടെ നമ്മൾ വന്നിരിക്കുന്നത് ദേവതയായി മാറുന്നതിനുവേണ്ടിയാണ്. നമ്മൾ ദത്തെടുക്കപ്പെട്ട കുട്ടികളാണ്. നമ്മൾ ബ്രാഹ്മണരാണ് പഠിക്കുന്നത്. എന്താണ് പഠിക്കുന്നത്? ബ്രാഹ്മണനിൽ നിന്നും ദേവതയാകുന്നു. കുട്ടികൾ കോളേജിൽ പോകുമ്പോൾ ഞങ്ങൾ എൻജിനിയർ അഥവാ ഡോക്ടറായി മാറുമെന്ന് മനസ്സിലാക്കുന്നത് പോലെ. അവിടെപ്പോയി ഇരിക്കുമ്പോൾ തന്നെ പെട്ടെന്നു മനസ്സിലാക്കും. നിങ്ങളും ബ്രഹ്മാവിന്റെ കുട്ടികൾ ബ്രാഹ്മണരാകുമ്പോൾ തന്നെ മനസ്സിലാക്കുന്നു, നമ്മൾ ബ്രാഹ്മണനിൽ നിന്ന് ദേവതയാകും. ഇങ്ങനെയൊരു മഹിമയുണ്ട്- മനുഷ്യനിൽ നിന്നും ദേവത..... എന്നാൽ ആരാണ് ആകുന്നത്? ഹിന്ദുക്കൾ എല്ലാവരും ദേവതകളായിത്തീരുന്നില്ല. വാസ്തവത്തിൽ ഹിന്ദു എന്നു പറയുന്നത് ഒരു ധർമ്മമല്ല. ആദിസനാതന ധർമ്മം ഹിന്ദുധർമ്മമല്ല. ആരോടെങ്കിലും ചോദിക്കൂ, ഹിന്ദുധർമ്മത്തിന്റെ സ്ഥാപകൻ ആരാണെന്ന്? അപ്പോൾ ആശയക്കുഴപ്പത്തിലാകും. അജ്ഞത കൊണ്ടാണ് ഈ പേരു വെച്ചത്. ഹിന്ദുസ്ഥാനിൽ വസിക്കുന്നവർ സ്വയത്തെ ഹിന്ദുക്കൾ എന്നു പറയുന്നു. വാസ്തവത്തിൽ ഭാരതം എന്നാണ് യഥാർത്ഥമായ പേര്. അല്ലാതെ ഹിന്ദുസ്ഥാനെന്നല്ല. ഭാരതഖണ്ഡം എന്നാണ് പറയുന്നത്, ഹിന്ദുസ്ഥാൻ ഖണ്ഡം എന്നല്ല പറയുക. ഭാരതം തന്നെയാണല്ലോ. അപ്പോൾ വാസ്തവത്തിൽ ഇത് ഏതു ഖണ്ഡമാണെന്നു തന്നെ അവർക്ക് അറിയില്ല. അപവിത്രമായതു കാരണം സ്വയത്തെ ദേവതയെന്നു മനസ്സിലാക്കാൻ സാധിക്കുന്നില്ല. ദേവി-ദേവതകൾ പവിത്രമാണ്. ഇപ്പോൾ ആ ധർമ്മമില്ല. മറ്റെല്ലാ ധർമ്മങ്ങളും ഇപ്പോഴുമുണ്ട് - ബുദ്ധന്റെ ബുദ്ധധർമ്മം, ഇബ്രാഹിമിന്റെ ഇസ്ലാംധർമ്മം, ക്രിസ്തുവിന്റെ ക്രിസ്തു ധർമ്മം. ബാക്കി ഹിന്ദു ധർമ്മത്തിന് സ്ഥാപകനായി ആരും തന്നെയില്ല. ഈ ഹിന്ദുസ്ഥാൻ എന്ന പേരു വെച്ചത് വിദേശികളാണ്. പതിതമായതുകൊണ്ട് സ്വയത്തെ ദേവതാധർമ്മത്തിലുള്ളവരാണെന്ന് അംഗീകരിക്കുന്നില്ല. ബാബ മനസ്സിലാക്കിത്തരുന്നു, ആദിസനാതന ദേവീ- ദേവതാധർമ്മമാണ് ഏറ്റവും പുരാതനം. ഏറ്റവും ആരംഭത്തിലുള്ള ധർമ്മം ഏതാണ്? ദേവീ-ദേവതാ. ഹിന്ദു എന്ന് പറയില്ല. ഇപ്പോൾ നിങ്ങൾ ബ്രഹ്മാവിന്റെ ദത്തെടുക്കപ്പെട്ട കുട്ടികൾ ബ്രാഹ്മണരാണ്. ബ്രാഹ്മണനിൽ നിന്നും ദേവതയായിത്തീരുന്നതിനാണ് പഠിക്കുന്നത്. അല്ലാതെ ഹിന്ദുവിൽ നിന്നും ദേവതയായിത്തീരുന്നതിനല്ല പഠിക്കുന്നത്. ബ്രാഹ്മണനിൽ നിന്നും ദേവതയായിത്തീരുന്നു. ഇത് നല്ല രീതിയിൽ ധാരണ ചെയ്യണം. ഇപ്പോൾ നോക്കൂ എത്രയധികം ധർമ്മങ്ങളാണ്. കൂടിക്കൊണ്ടിരിക്കുന്നു. എപ്പോൾ എവിടെയെങ്കിലും പ്രഭാഷണം ചെയ്യുമ്പോൾ ഇതെല്ലാം തന്നെ മനസ്സിലാക്കി കൊടുക്കുന്നത് നല്ലതാണ്. ഇപ്പോൾ കലിയുഗമാണ്, എല്ലാ ധർമ്മങ്ങളും ഇപ്പോൾ തമോപ്രധാനമാണ്. നിങ്ങൾ ചിത്രം വെച്ച് മനസ്സിലാക്കി കൊടുക്കുകയാണെങ്കിൽ, ഞാൻ ഇന്നാളാണ്, അതാണ്, ഇതാണ്..... എന്നെല്ലാമുള്ള അഭിമാനം ഇല്ലാതാവും. മനസ്സിലാക്കും നമ്മൾ തമോപ്രധാനരാണ്. ആദ്യമാദ്യം ബാബയുടെ പരിചയം നൽകി പിന്നീട് കാണിക്കണം, ഈ പഴയ ലോകം ഇപ്പോൾ പരിവർത്തനപ്പെടാൻ പോവുകയാണ്. ഓരോ ദിവസം കൂടുന്തോറും ചിത്രവും ശോഭനീയമാകും. വിദ്യാലയത്തിൽ ഭൂപടം വെച്ച് കുട്ടികളുടെ ബുദ്ധിയിൽ മനസ്സിലാക്കി കൊടുക്കുന്നത് പോലെ. നിങ്ങളുടെ ബുദ്ധിയിൽ ഈ ചിത്രം ഉണ്ടായിരിക്കണം. നമ്പർവൺ ഭൂപടം ഇതാണ്, മുകളിലായി ത്രിമൂർത്തിയുണ്ട്, സത്യയുഗത്തിന്റെയും കലിയുഗത്തിന്റെയും രണ്ട് ഗോളങ്ങളുമുണ്ട്. ഇപ്പോൾ നമ്മൾ പുരുഷോത്തമ സംഗമയുഗത്തിലാണ്. ഈ പഴയ ലോകത്തിന് വിനാശം സംഭവിക്കും. ഒരേയൊരു ആദിസനാതന ദേവതാധർമ്മത്തിന്റെ സ്ഥാപന

നടന്നുകൊണ്ടിരിക്കുന്നു. നിങ്ങൾ ആദിസനാതന ദേവതാധർമ്മത്തിലുള്ളവരാണ്. ഹിന്ദു എന്നൊരു ധർമ്മമില്ല. എതുപോലെയാണോ സന്യാസിമാർ, വസിക്കുന്ന സ്ഥാനമായ ബ്രഹ്മത്തെ ഈശ്വരൻ എന്നു മനസ്സിലാക്കിയത്. അതുപോലെ ഹിന്ദുസ്ഥാനിൽ വസിക്കുന്നവരെ ഹിന്ദുധർമ്മത്തിലുള്ളവരെന്നു മനസ്സിലാക്കി. അവരുടേതിലും വ്യത്യാസമുണ്ട് നിങ്ങളുടേതിലും വ്യത്യാസമുണ്ട്. ദേവി-ദേവതകൾ എന്ന പേര് എത്ര ഉയർന്നതാണ്. പറയാറുണ്ട് ഇവർ ദേവതകളെപ്പോലെയാണെന്ന്. ആരിലാണോ നല്ല ഗുണങ്ങളുള്ളത് - പറയാറുണ്ട്-ഇവരിൽ ദേവതാ ഗുണമുണ്ട്.

നിങ്ങൾ മനസ്സിലാക്കുന്നു - ഈ കൃഷ്ണനും രാധയും സ്വയം വരത്തിനു ശേഷം ലക്ഷ്മി-നാരായണനായിത്തീരുന്നു. അവരെയാണ് വിഷ്ണു എന്ന് പറയുന്നത്. എല്ലാവരുടെയും ചിത്രങ്ങളുണ്ട് പക്ഷേ ആരും തന്നെ അറിയുന്നില്ല. നിങ്ങൾക്ക് ബാബ മനസ്സിലാക്കിത്തരുന്നു, എല്ലാവരും ബാബയെത്തന്നെയാണ് ഓർമ്മിക്കുന്നത്. ഭഗവാനേ... എന്നു വിളിക്കാത്ത ഒരു മനുഷ്യനും ഉണ്ടാവില്ല. ഭഗവാനെ നിരാകാരനെന്നാണ് പറയുന്നത്. നിരാകാരന്റെ അർത്ഥത്തെ തന്നെ മനസ്സിലാക്കുന്നില്ല. ഇപ്പോൾ നിങ്ങൾ സർവ്വതും അറിയുന്നു. കല്ലുബുദ്ധിയിൽ നിന്നും പവിഴബുദ്ധിയായിത്തീരുന്നു. ഈ ജ്ഞാനം നിങ്ങൾ ഭരതവാസികൾക്കുള്ളതാണ്, അല്ലാതെ അന്യധർമ്മത്തിലുള്ളവർക്കല്ല. ബാക്കി ഇത് മനസ്സിലാക്കിക്കൊടുക്കാൻ സാധിക്കും എങ്ങനെ ഇത്രയും വൃദ്ധി പ്രാപിച്ചു, മറ്റുള്ള ഖണ്ഡങ്ങളും എങ്ങനെ വന്നു. അവിടെ ഭാരതഖണ്ഢമല്ലാതെ മറ്റൊരു ഖണ്ഢവും ഉണ്ടായിരിക്കില്ല. ഇപ്പോൾ സനാതനധർമ്മം മാത്രമില്ല, മറ്റെല്ലാ ധർമ്മങ്ങളുമുണ്ട്. ആൽ വൃക്ഷത്തിന്റെ ഉദാഹരണം വളരെ കൃത്യമാണ്. ആദിസനാതന ദേവീ-ദേവതാധർമ്മത്തിന്റെ അടിത്തറയില്ല, ബാക്കി മുഴുവൻ വൃക്ഷവും നിൽക്കുന്നുണ്ട്. അതുകൊണ്ട് പറയാം ആദിസനാതന ദേവീ-ദേവതാ ധർമ്മമുണ്ടായിരുന്നു, അല്ലാതെ ഹിന്ദുധർമ്മമല്ല. നിങ്ങൾ ഇപ്പോൾ ബ്രാഹ്മണരാണ്, ദേവതയാകുന്നതിനു വേണ്ടി ആദ്യം തീർച്ചയായും ബ്രാഹ്മണനായിത്തീരണം. ശൂദ്രവർണ്ണമെന്നും, ബ്രാഹ്മണവർണ്ണമെന്നും പറയുന്നു. ശൂദ്ര രാജപരമ്പയെന്ന് പറയില്ല. രാജധാനിയിൽ രാജാക്കൻമാരും-റാണിമാരുമുണ്ട്. ആദ്യം ദേവതകൾ മഹാരാജാ-മഹാറാണിമാരായിരുന്നു. ഇവിടെ ഹിന്ദു മഹാരാജാ-മഹാറാണിയെന്ന് പറയും. ഭാരതം അഖണ്ഢമായിരുന്നു പിന്നീടെങ്ങനെ വേറെ-വേറെയായി? അവരുടെ പേരും അടയാളവുമെല്ലാം തന്നെ അപ്രത്യക്ഷമാക്കി കേവലം ചിത്രങ്ങൾ മാത്രമുണ്ട്. നമ്പർവൺ സൂര്യവംശിയാണ്. രാമനെ സൂര്യവംശി എന്നു പറയില്ല. ഇപ്പോൾ നിങ്ങൾ വന്നിരിക്കുന്നതു തന്നെ സൂര്യവംശിയായിത്തീരാനാണ്. അല്ലാതെ ചന്ദ്രവംശിയാകുന്നതിനായല്ല. ഇത് രാജയോഗമല്ലേ. നിങ്ങളുടെ ബുദ്ധിയിലുണ്ട് നമ്മൾ ഈ ലക്ഷ്മീ-നാരായണനാകും. ഹൃദയത്തിൽ സന്തോഷമുണ്ടാകണം - ബാബ നമ്മളെ പഠിപ്പിക്കുന്നു, മഹാരാജാ-മഹാറാണിയാക്കി മാറ്റാൻ. സത്യനാരായണന്റെ സത്യം സത്യമായ കഥയിതാണ്. ഇതിനുമുമ്പ് ജന്മ-ജന്മാന്തരം നിങ്ങൾ സത്യനാരായണന്റെ കഥ കേട്ടു വന്നു. പക്ഷേ അതൊന്നും തന്നെ സത്യമായ കഥയല്ല. ഭക്തിമാർഗ്ഗത്തിലൂടെ ഒരിക്കലും മനുഷ്യനിൽ നിന്നും ദേവതയാകാൻ സാധിക്കില്ല. മുക്തി-ജീവന്മുക്തി പ്രാപിക്കാൻ കഴിയില്ല. എല്ലാ മനുഷ്യരും തീർച്ചയായും മുക്തി-ജീവന്മുക്തി നേടുക തന്നെ ചെയ്യും. ഇപ്പോൾ എല്ലാവരും ബന്ധനത്തിലാണ്. മുകളിൽ നിന്ന് ഇന്നും ആത്മാവ് വന്നാൽ പോലും അവർ ജീവന്മുക്തിയിലേക്കാണ് വരിക അല്ലാതെ ജീവൻ ബന്ധനത്തിലേക്കല്ല. പകുതി സമയം ജീവന്മുക്തിയിലും പകുതി സമയം ജീവൻ ബന്ധനത്തിലേക്കും പോകും. ഈ കളി ഉണ്ടാക്കപ്പെട്ടിട്ടുള്ളതാണ്. ഈ പരിധിയില്ലാത്ത നാടകത്തിലെ അഭിനേതാക്കളാണ് നമ്മൾ. ഇവിടെ വരുന്നതു തന്നെ അഭിനയിക്കാനാണ്. നമ്മൾ ആത്മാക്കൾ ഇവിടെ വസിക്കുന്നവരല്ല. എങ്ങനെ വരുന്നു എന്ന കാര്യങ്ങളെല്ലാം തന്നെ മനസ്സിലാക്കിത്തരുന്നു. പല ആത്മാക്കളും ഇവിടെത്തന്നെ പുനർജന്മങ്ങൾ എടുത്തുകൊണ്ടിരിക്കുന്നു. നിങ്ങൾ കുട്ടികളുടെ ബുദ്ധിയിൽ ഈ സൃഷ്ടിയുടെ ആദ്യം മുതൽ അവസാനം വരെയുള്ള ചരിത്രവും ഭൂമിശാസ്ത്രവും ഉണ്ട്. പരിധിയില്ലാത്ത ബാബ മുകളിലിരുന്നുകൊണ്ട് എന്താണ് ചെയ്യുന്നത്, ഇതൊന്നും തന്നെ അറിയുന്നില്ല, അതുകൊണ്ടാണ് അവരെ തുച്ഛ ബുദ്ധികളെന്നു പറയുന്നത്. നിങ്ങളും തുച്ഛ ബുദ്ധികളായിരുന്നു. ഇപ്പോൾ ബാബ നിങ്ങൾക്ക് രചയിതാവിന്റെയും രചനയുടെയും ആദി മദ്ധ്യ അന്ത്യത്തിന്റെ രഹസ്യത്തെക്കുറിച്ച് മനസ്സിലാക്കിത്തന്നു. നിങ്ങൾ പാവപ്പെട്ട സാധാരണക്കാരായ കുട്ടികൾക്ക് എല്ലാം തന്നെ അറിയാം. നിങ്ങൾ സ്വച്ഛബുദ്ധികളാണ്. സ്വച്ഛമെന്ന് പവിത്രമായതിനെയാണ് പറയുന്നത്. തുച്ഛബുദ്ധി അപവിത്രമാണ്. നിങ്ങൾ ഇപ്പോൾ നോക്കൂ എന്തായിക്കൊണ്ടിരിക്കുകയാണ്! വിദ്യാലയത്തിലും പഠിപ്പിലൂടെയാണ് ഉയർന്ന പദവി നേടാൻ സാധിക്കുക. നിങ്ങളുടെ പഠിപ്പ് ഉയർന്നതിലും ഉയർന്നതാണ്. ഇതിലൂടെയാണ് നിങ്ങൾ രാജ്യപദവി നേടുന്നത്. അവർ ദാന-പുണ്യകർമ്മങ്ങൾ ചെയ്യുന്നതിലൂടെയാണ് രാജാവിന്റെ അടുത്തു പോയി ജന്മമെടുത്ത് പിന്നീട് രാജാവായിത്തീരുന്നത്. പക്ഷേ നിങ്ങൾ ഈ പഠിപ്പിലൂടെയാണ് രാജാവായിത്തീരുന്നത്. ബാബ തന്നെയാണ് പറയുന്നത്, ഞാൻ നിങ്ങൾ കുട്ടികളെ രാജയോഗം പഠിപ്പിക്കുന്നു എന്ന്. ബാബയ്ക്കല്ലാതെ മറ്റാർക്കും തന്നെ രാജയോഗം പഠിപ്പിക്കാൻ സാധിക്കില്ല. ബാബ തന്നെയാണ് രാജയോഗം പഠിപ്പിക്കുന്നത്. നിങ്ങൾ പിന്നീട് മറ്റുള്ളവർക്ക് മനസ്സിലാക്കി കൊടുക്കുന്നു. ബാബ പഠിപ്പിക്കുന്നത്

നിങ്ങളെ പതിതത്തിൽ നിന്നും പാവനമാക്കുന്നതിനായാണ്. സ്വയം ആത്മാവെന്നു മനസ്സിലാക്കി നിരാകാരനായ ബാബയെ ഓർമ്മക്കുകയാണെങ്കിൽ നിങ്ങൾ പാവനമായിത്തീരുന്നു. ചക്രത്തെ അറിയുന്നതിലൂടെ നിങ്ങൾ ചക്രവർത്തി രാജാവായിത്തീരുന്നു. ഇത് മനസ്സിലാക്കാൻ വളരെയധികം സഹജമാണ്. ഇപ്പോൾ ആരും തന്നെ ദേവതാധർമ്മത്തിലുള്ളവരില്ല. എല്ലാവരും മറ്റുള്ള ധർമ്മത്തിലേക്ക് പരിവർത്തനപ്പെട്ടിരിക്കുന്നു. നിങ്ങൾ ആർക്കു മനസ്സിലാക്കി കൊടുക്കുകയാണെങ്കിലും ആദ്യമാദ്യം ബാബയുടെ പരിചയം നൽകണം. ബാബ മനസ്സിലാക്കിത്തരുന്നു, എത്ര പേരാണ് മറ്റുള്ളധർമ്മത്തിലേക്ക് പോയത്. ഒരുപാടു പേർ ബുദ്ധധർമ്മത്തിലും മുസ്ലീംധർമ്മത്തിലുമായി പരിവർത്തനപ്പെട്ടിട്ടുണ്ട്. വാളിന്റെ ശക്തിയിലൂടെയും (ആയുധ ശക്തി) ധാരാളം പേർ മുസ്ലീം ധർമ്മത്തിലേക്ക് പോയിട്ടുണ്ട്. ബുദ്ധമതത്തിലേക്കും ധാരാളം പരിവർത്തനപ്പെട്ടിട്ടുണ്ട്. ഒരു പ്രാവശ്യത്തെ പ്രഭാഷണത്തിലൂടെ തന്നെ ആയിരക്കണക്കിനാളുകൾ ബുദ്ധമതത്തിലേക്ക് പോയി. ക്രിസ്ത്യാനികളും അതേപോലെ വന്ന് പ്രഭാഷണം നടത്തുന്നുണ്ട്. ഏറ്റവും കൂടുതൽ ജനസംഖ്യ ഇന്ന് ക്രിസ്ത്യാനികളുടെയാണ്. ഇപ്പോൾ നിങ്ങളുടെ ബുദ്ധിയിൽ മുഴുവൻ സൃഷ്ടി ചക്രത്തിന്റെ ജ്ഞാനം കറങ്ങിക്കൊണ്ടിരിക്കുന്നുണ്ട്, അപ്പോഴാണ് നിങ്ങൾ സ്വദർശനചക്രധാരിയായിത്തീരുന്നത്. വിഷ്ണുവിന്റെ കൈയ്യിലാണ് സ്വദർശനചക്രത്തെ കാണിക്കുന്നത്. വിഷ്ണുവിന് ഇത് എന്തിനാണ് നൽകിയിരിക്കുന്നതെന്ന് മനുഷ്യർക്ക് അറിയില്ല. അവർ സ്വദർശനചക്രധാരിയെന്ന് വിഷ്ണു അഥവാ നാരായണനെയാണ് പറയുന്നത്. അവർ തമ്മിൽ എന്താണ് സംബന്ധം എന്നുള്ളതും നിങ്ങൾ മനസ്സിലാക്കി കൊടുക്കണം. ഇവർ ഒന്നാണ്. വാസ്തവത്തിൽ സ്വദർശനചക്രം നിങ്ങൾ ബ്രാഹ്മണർക്കുള്ളതാണ്. ജ്ഞാനത്തിലൂടെയാണ് സ്വദർശന ചക്രധാരിയായിത്തീരുന്നത്. ബാക്കി സ്വദർശന ചക്രത്തിലൂടെ ആരെയും വധിക്കുവാൻ സാധിക്കില്ല. ഇതെല്ലാം തന്നെ ജ്ഞാനത്തിന്റെ കാര്യങ്ങളാണ്. എത്രത്തോളം നിങ്ങളുടെ ഈ ജ്ഞാനത്തിന്റെ ചക്രം കറങ്ങുന്നുവോ അത്രത്തോളം നിങ്ങളുടെ പാപം നശിക്കുന്നു. ബാക്കി തല വെട്ടുന്ന കാര്യമൊന്നും തന്നെയില്ല. ഇത് ഹിംസകമായ ചക്രമല്ല. ഈ ചക്രം നിങ്ങളെ അഹിംസികരാക്കി മാറ്റുന്നു. എവിടെയുള്ള കാര്യം എവിടേക്കു കൊണ്ടു വന്നു. ഇതൊന്നും തന്നെ ബാബയ്ക്കല്ലാതെ മറ്റാർക്കും തന്നെ മനസ്സിലാക്കിത്തരാൻ സാധിക്കില്ല.

മധുര മധുരമായ കുട്ടികൾക്ക് അളവറ്റ സന്തോഷമുണ്ട്. ഇപ്പോൾ നിങ്ങൾ ആത്മാക്കളാണെന്നു മനസ്സിലാക്കുന്നു. ആദ്യം നിങ്ങൾ സ്വയത്തെ ആത്മാവാണെന്നുള്ളതും മറന്നു, തന്റെ വീടിനെക്കുറിച്ചും മറന്നിരിക്കുകയായിരുന്നു. ആത്മാവിനെ ആത്മാവെന്നു തന്നെയാണ് പറയുന്നത്. പരമാത്മാവിനെയാണ് കല്ലിലും മുള്ളിലുമുണ്ടെന്നു പറഞ്ഞത്. ആത്മാക്കളുടെ പിതാവിനെ എത്രത്തോളം ആക്ഷേപിച്ചു. ബാബ പിന്നീട് വന്ന് ആത്മാക്കൾക്ക് ജ്ഞാനം നൽകുന്നു. ആത്മാക്കളെക്കുറിച്ച് കല്ലിലും മുള്ളിലും ഉണ്ടെന്ന് ഒരിക്കലും പറയില്ല. മൃഗങ്ങളുടെ കാര്യം വേറെയാണ്. മനുഷ്യരാണ് പഠിക്കുന്നത്. ഇപ്പോൾ നിങ്ങൾ മനസ്സിലാക്കുന്നു, ഞങ്ങൾ ഇത്ര ജന്മങ്ങൾ എന്തെല്ലാമായിരുന്നു. 84 ജന്മങ്ങൾ പൂർത്തിയായി. 84 ലക്ഷം ജന്മങ്ങളല്ല. മനുഷ്യർ എത്ര അജ്ഞതയാകുന്ന അന്ധകാരത്തിലാണ്, അതുകൊണ്ടാണ് പറയുന്നത് ജ്ഞാനസൂര്യൻ ഉദിച്ചു..... അരക്കല്പം ദ്വാപര–കലിയുഗത്തിൽ അജ്ഞതയാകുന്ന അന്ധകാരമാണ്. അരക്കല്പം സത്യ–ത്രേതായുഗത്തിൽ പ്രകാശവും. രാത്രിയും പകലും, പ്രാകാശത്തിന്റെയും അന്ധകാരത്തിന്റെയും ജ്ഞാനമാണ്. ഇത് പരിധിയില്ലാത്ത കാര്യമാണ്. അരക്കല്പം അന്ധകാരത്തിൽ എത്ര ബുദ്ധിമുട്ടുകളാണ് സഹിച്ചത്. വളരെയധികം അലയേണ്ടതായി വന്നു. വിദ്യാലയത്തിൽ പഠിക്കുന്നതിനെ അലയുക എന്നു പറയുകയില്ല. സത്സംഗങ്ങളിൽ മനുഷ്യർ എത്രയാണ് അലയുന്നത്. പ്രാപ്തി ഒന്നും തന്നെ ഉണ്ടാകുന്നില്ല, വീണ്ടും നഷ്ടം സംഭവിക്കുന്നു. അതുകൊണ്ടാണ് അതിനെ അലച്ചിൽ എന്നു പറയുന്നത്. അലഞ്ഞലഞ്ഞ് ധനവും സമ്പത്തും സർവ്വതും നഷ്ടപ്പെടുത്തി പാപ്പരായിത്തീർന്നു. ഇപ്പോൾ ഈ പഠിപ്പിൽ ആര് എത്രത്തോളം ധാരണ ചെയ്യുന്നുവോ ചെയ്യിപ്പിക്കുന്നുവോ അത്രത്തോളം നേട്ടം തന്നെ നേട്ടമാണ്. ബ്രാഹ്മണനായി അർത്ഥം പ്രാപ്തി മാത്രമാണ്. കാരണം നിങ്ങൾക്ക് അറിയാം നമ്മൾ ബ്രാഹ്മണരാണ് സ്വർഗ്ഗവാസികളായിത്തീരുന്നത്. എല്ലാവരും സ്വർഗ്ഗവാസികളാകുന്നു. പക്ഷേ നിങ്ങൾ അതിൽ ഉയർന്ന പദവി നേടാനുള്ള പുരുഷാർത്ഥം ചെയ്യുന്നു.

ഇപ്പോൾ നിങ്ങൾ എല്ലാവരുടെയും വാനപ്രസ്ഥ അവസ്ഥയാണ്. നിങ്ങൾ സ്വയം പറഞ്ഞിരുന്നു – ബാബാ, ഞങ്ങളെ വാനപ്രസ്ഥ അവസ്ഥ അഥവാ പവിത്രലോകത്തിലേക്കു കൊണ്ടുപോകൂ എന്ന്. അത് ആത്മാക്കളുടെ ലോകമാണ്. നിരാകാരി ലോകം എത്ര ചെറുതാണ്. ഇവിടെ ഭൂമിയിൽ ചുറ്റിക്കറങ്ങാനായി എത്ര സ്ഥലങ്ങളാണ്. അവിടെ ഈ കാര്യങ്ങളൊന്നും തന്നെയില്ല, ശരീരമില്ല, പാർട്ടില്ല. നക്ഷത്രങ്ങളെപ്പോലെ ആത്മാക്കൾ വസിക്കുന്നു. ഇതാണ് പ്രകൃതി. സൂര്യൻ, ചന്ദ്രൻ, നക്ഷത്രങ്ങൾ ഇവയെല്ലാം തന്നെ എങ്ങനെയാണ് മുകളിൽ നിൽക്കുന്നത്. ആത്മാക്കളും ബ്രഹ്മതത്വത്തിൽ സ്വന്തം ആധാരത്തിൽ സ്വാഭാവികമായി നിൽക്കുന്നു. ശരി!

വളരെക്കാലത്തെ വേർപാടിന്നുശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം

## ധാരണയ്ക്കുളള മുഖ്യ സാരം:-

1. ജ്ഞാനത്തെ സ്മരിച്ചുകൊണ്ട് സ്വദർശന ചക്രധാരിയായിത്തീരണം. സ്വദർശനചക്രം കറക്കി പാപത്തെ ഇല്ലാതാക്കണം. ഡബിൾ അഹിംസകരായിമാറണം.

2. തന്റെ ബുദ്ധിയെ സ്വച്ഛവും പവിത്രവുമാക്കി മാറ്റി രാജയോഗത്തിന്റെ പഠിപ്പ് പഠിച്ച് ഉയർന്ന പദവി നേടണം. ഹൃദയത്തിൽ സദാ ഈ സന്തോഷം ഉണ്ടായിരിക്കണം, നമ്മൾ സത്യനാരായണന്റെ സത്യം സത്യമായ കഥ കേട്ട് മനുഷ്യരിൽ നിന്നും ദേവതയായിമാറുന്നു.

## വരദാനം:- മനസ്സിനെയും ബുദ്ധിയെയും ആജ്ഞയനുസരിച്ച് വിധിപൂർവ്വം കാര്യങ്ങളിൽ ഉപയോഗിക്കുന്ന നിരന്തരയോഗിയായി ഭവിക്കട്ടെ.

നിരന്തരയോഗി അർത്ഥം സ്വരാജ്യ അധികാരി ആകാനുള്ള വിശേഷ ഇന്ദ്രിയങ്ങൾ മനസ്സും ബുദ്ധിയുമാണ്. മന്ത്രം തന്നെ മന്മനാഭവ എന്നതാണ്. യോഗത്തെ ബുദ്ധിയോഗം എന്നാണ് പറയുക. അതുകൊണ്ട് ഈ വിശേഷ ആധാരസ്തംഭം സ്വയത്തിന്റെ അധികാരത്തിലാണ്, അതായത് ആജ്ഞാനുസരണം വിധിപൂർവ്വം കാര്യങ്ങൾ നടത്തുന്നു. ഏത് സങ്കല്പം എപ്പോൾ ചെയ്യാൻ ആഗ്രഹിക്കുന്നുവോ അപ്രകാരം സങ്കൽപം ചെയ്യാൻ കഴിയണം, എവിടെ ബുദ്ധിയെ വെക്കാൻ ആഗ്രഹിക്കുന്നുവോ അവിടെ വെക്കാൻ കഴിയണം, ബുദ്ധി രാജാവായ താങ്കളെ അലയിപ്പിക്കരുത്. വിധിപ്രകാരം കാര്യങ്ങൾ ചെയ്യൂ അപ്പോൾ പറയാം നിരന്തരയോഗി.

## സ്ലോഗൻ:- മാസ്റ്റർ വിശ്വ-ശിക്ഷകരാകൂ, സമയത്തെ ശിക്ഷകനാക്കരുത്.